കടകൾവഴിയും നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സബ്സിഡിയില്ലാത്ത അവശ്യ സാധനങ്ങൾ (Non PDS) കൂടി റേഷൻ കടകൾവഴി വിതരണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(നി&ഡി) ഉണ്ട്. 337 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ 25% കേന്ദ്ര സർക്കാർ അനുവദിക്കുന്നതിനുള്ള ശുപാർശയാണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ അത് അനുവദിക്കാത്തതിനാൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ലഭ്യമാക്കിയ സഹായങ്ങൾ

6 (*5) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം നൽകുന്നകാര്യത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം I ആയി വച്ചിട്ടുണ്ട്.*

(സി) വിശദാംശങ്ങൾ അനുബന്ധം II ആയി വച്ചിട്ടുണ്ട്.*

ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

7 (*6) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ അടുത്ത സാമ്പത്തികവർഷം ആകെ എത്ര കോടി രൂപയുടെ ചെലവ് ഉണ്ടാകും എന്നാണ് കണക്കാക്കിയിരിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിനായി ഈ തുക എങ്ങനെ സമാഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത് ;

(സി) ഇതിനായി ഉപാധികളോടെയുള്ള കേന്ദ്രവായ്പ ലഭ്യമാക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ശമ്പളവും പെൻഷനും പരിഷ്ക്കരിക്കുമ്പോൾ ആകെ 1965 കോടി രൂപയുടെ വാർഷിക അധിക ബാദ്ധ്യത പ്രതീക്ഷിക്കുന്നതായി 9-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ കണക്കാക്കിയിട്ടുണ്ട്. (ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് ചാപ്റ്റർ നമ്പർ 17.29 അനുബന്ധം A).*

(ബി) 2011-12-ലെ വാർഷിക പദ്ധതിയുടെ സ്കീം ഓഫ് ഫൈനാൻസിംഗ് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ഒമ്പതാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ചെലവ്കൂടി കണക്കിലെടുത്തുകൊണ്ടാണ് 2011-12-ലേക്കുള്ള സ്കീം ഓഫ് ഫൈനാൻസിംഗ് തയ്യാറാക്കിയത്. എന്നിരുന്നാലും ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന അധിക ബാദ്ധ്യതകൂടി കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിലവിലുള്ള മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.5 ശതമാനത്തിൽനിന്നും 0.5 ശതമാനം വർദ്ധനവുവരുത്തി 4 ശതമാനമായി ഉയർത്തി നൽകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഉപാധികളോടെയുള്ള കേന്ദ്ര വായ്പ ലഭ്യമാക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല.

പറമ്പിക്കുളം-ആളിയാർ കരാർ

8 (*7) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. ബി. ഡി. ദേവസ്സി :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിൽ ഏതെങ്കിലും വിഷയത്തിൽ ധാരണയുണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നിലവിലുള്ള കരാർപ്രകാരം ഷോളയാറിൽനിന്നും കേരളത്തിന് അർഹതപ്പെട്ട ജലം ഇപ്പോൾ ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം ചർച്ചയിൽ ഉന്നയിച്ചിട്ടുണ്ടോ ;

(സി) ആനമലയാറിൽനിന്നും തമിഴ്നാടിന് ജലംനൽകുന്നത് സംബന്ധിച്ച് കേരളം തയ്യാറാക്കിയ റിപ്പോർട്ടിലെ വ്യവസ്ഥകൾ വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly